വാചകങ്ങൾ, അത് ഏറ്റെടുക്കാനിരിക്കുന്ന ഒരു ഭരണാധികാരിയായി അങ്ങ് മാറരുത്. അങ്ങനെ മാറിയാൽ അപകടത്തിലേയ്ക്കു പോകും. അങ്ങയുടെ സ്തുതിപാഠകരുടെ നിർദ്ദേശം മാത്രം കേട്ട് ഭരിക്കരുത്. ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് റവന്യൂ വകുപ്പിന്റെ കുറ്റങ്ങളും കുറവുകളും മനസ്സിലാക്കിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞില്ലായെങ്കിൽ കാലവും ചരിത്രവും അങ്ങേയ്ക്ക് മാപ്പുതരില്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

VI. വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. കെ.എം. മാണി</u> : സർ, ഒരു പേഴ്സണൽ എക്സ്പ്ലനേഷനുണ്ട്. ഞാൻ പറയുന്നതിൽ ഒരു സിലബിൾ പോലും തെറ്റാതിരിക്കാൻ മുന്നുനാലു പേജ് എഴുതിയത് വായിക്കുകയാണ്. സർ, ശ്രീ. ജോൺ ഫെർണാണ്ടസ് 25.3.99-ൽ എനിക്ക് എതിരെ ഉന്നയിക്കുകയും ഞാൻ നിഷേധിച്ച് മറുപടി പറയുകയും ചെയ്ത അതേ വിഷയം ശ്രീ. പി.സി. ജോർജ്ജ് എം.എൽ.എ. സ്പീക്കർക്ക് എഴുതിക്കൊടുത്ത് അനുവാദം വാങ്ങിയതിനുശേഷം ഇന്നു വീണ്ടും മറ്റൊരു രൂപത്തിൽ ആരോപണമായി ഉന്നയിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഞാൻ ഒരു വിശദീകരണത്തിന് ഒരുങ്ങുകയാണ്. ഞാൻ റവന്യൂമന്ത്രി ആയിരുന്നപ്പോൾ എന്റെ സഹോദരപുത്രൻ ശ്രീ. ഇമ്മാനുവൽ തോമസിന് ഐത്തിക്കോണം എന്ന സ്ഥലത്ത് ഭൂമി പതിച്ചുകൊടുത്തു എന്നതായിരുന്നു. ശ്രീ. ജോൺ ഫെർണാണ്ടസിന്റെ ചുവടുപിടിച്ച് ശ്രീ. പി.സി. ജോർജ്ജ് ഉന്നയിച്ച ആക്ഷേപം. ഇതു ഞാൻ നിഷേധിക്കുന്നു. അപ്രകാരം ഞാൻ ഭൂമി പതിച്ചുകൊടുത്തിട്ടില്ല. ശ്രീ. ജോൺ ഫെർണാണ്ടസ് നിയമസഭയിൽ ആക്ഷേപം ഉന്നയിക്കുകയും ഞാൻ മറുപടി പറയുകയും ചെയ്തശേഷം എന്റെ സഹോദരപുത്രൻ ശ്രീ. ഇമ്മാനുവൽ തോമസുമായി ഇക്കാര്യത്തെപ്പറ്റി ഞാൻ വിശദമായി സംസാരിക്കുകയും അദ്ദേഹത്തിൽനിന്നും യഥാർത്ഥ വസ്തുത ഗ്രഹിക്കുന്നതിനും രേഖകൾ ശേഖരിക്കുന്നതിനും എനിക്കു കഴിയുകയുമുണ്ടായി. കൂടാതെ ഞാൻ മറ്റു വിവരങ്ങൾ മറ്റു തരത്തിലും തിരക്കുകയുണ്ടായി. അദ്ദേഹം വാങ്ങിയ ഭൂമി ഗവൺമെന്റിൽനിന്ന് പതിപ്പിച്ചെടുത്തതല്ല, തീറാധാരപ്രകാരം വാങ്ങിയ പട്ടയഭൂമിയായിരുന്നു. തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ഐത്തിക്കോണം എന്ന സ്ഥലത്തു ചൂരയ്ക്കുവിളാകത്തു വീട്ടിൽ ദിവാകരൻ പട്ടം സബ് രജിസ്ട്രാർ ഓഫീസ് മുഖേന 1965-ൽ വിലയാധാരപ്രകാരം വാങ്ങി കൈവശം വച്ച് തണ്ടപ്പേരു പിടിച്ച് അനുഭവിച്ചുവന്നിരുന്ന സ്ഥലത്തിൽപ്പെട്ടതായിരുന്നു അത്. അതിൽനിന്ന് 14.7.95-ൽ പട്ടം സബ്രജിസ്ട്രാർ ഓഫീസിലെ 3003, 3005 എന്നീ ആധാരങ്ങൾ പ്രകാരം എന്റെ സഹോദരപുത്രൻ ഇമ്മാനുവേൽ തോമസും ഭാര്യ ലില്ലിക്കുട്ടി ഇമ്മാനുവേലും ചേർന്ന് പ്രതിഫലം നൽകി തീറുവാങ്ങിയിട്ടുള്ള ഭൂമിയാണ് അനധികൃതമായി നേടിയെന്ന് ശ്രീ. പി.സി. ജോർജ്ജ് വിശേഷിപ്പിച്ചിട്ടുള്ളത്. അത് വളരെ നിർഭാഗ്യകരമായിപ്പോയി, അദ്ദേഹം അത് പിൻവലിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ടാമത്തെ ആരോപണം എന്റെ സഹോദരപുത്രൻ ഇമ്മാനുവൽ തോമസ്സിനെ സഹായിക്കാൻവേണ്ടി അദ്ദേഹത്തിന്റെ വസ്തുവിന്റെ സൈഡിലൂടെയുള്ള റോഡ് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി നന്നാക്കിക്കൊടുത്തു എന്നാണ്. സർ, ഈ ആക്ഷേപത്തെ ഞാൻ നിഷേധിക്കുന്നു. ഞാൻ ഇമ്മാനുവൽ തോമസിനുവേണ്ടി റോഡുവർക്ക് അനുവദിച്ചിട്ടില്ല. ഞാൻ വർക്ക് സാങ്ഷൻ ചെയ്യുമ്പോൾ ഇമമാനുവൽ തോമസ്സിന് അവിടെ വസ്തുവേയില്ല. ചെറുവയ്ക്കൽ

LIBRARY ARCHIVES Kerala Legislative Assembly

എന്ന സ്ഥലത്തു പ്രവർത്തിക്കുന്ന കുഞ്ഞുവീട് പൗരസമിതിയുടെ നിവേദന ത്തിൻമേലാണ് ഞാൻ ഫ്ളഡ് വർക്ക് അനുവദിച്ചത്. കുഞ്ഞുവീട് ജംങ്ഷൻ മുതൽ ഐത്തിക്കോണം പമ്പ് ഹൗസ് വരെയുള്ള റോഡ് നന്നാക്കുന്നതിന് രണ്ടര ലക്ഷം രൂപ അനുവദിക്കുകയും 28.11.94-ൽ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. റോഡ് പൂർത്തിയാക്കുന്നതിനുവേണ്ടി വീണ്ടും പൗരസമിതി യുടെ അപേക്ഷയ്ക്കുമേൽ ഒരു ലക്ഷത്തി തൊണ്ണൂറായിരം രൂപ കൂടി അനു വദിച്ചു, പ്രസ്തുത വർക്ക് പി.ഡബ്ല്യു.ഡി.യുടെ ലോക്കൽ വർക്കിൽ ടെൻഡർ വിളിച്ച് 23.3.95-ൽ അവാർഡു ചെയ്യുകയുണ്ടായി. അപ്പോഴൊന്നും എന്റെ സഹോദരപുത്രന് അവിടെ സ്ഥലം ഇല്ലായിരുന്നു. സഹോദരപുത്രൻ അവിടെ സ്ഥലം വാങ്ങിയത് 14.7.95-ൽ ആണ്. അതായത് ഈ റോഡുവർക്ക് സാങ്ഷൻ ചെയ്തിട്ട് ഏഴു മാസം കഴിഞ്ഞാണ് എന്റെ സഹോദര പുത്രൻ അവിടെ സ്ഥലം വാങ്ങിയത്. ഒന്നുകൂടി പറയട്ടെ, അദ്ദേഹം ഈ സ്ഥലം വാങ്ങുന്നതിന് കരാർ വയ്ക്കുന്നത് ഫ്ളഡ് വർക്ക് സാംങ്ഷൻ ചെയ്ത ആറുമാസം കഴിഞ്ഞാണ് എന്നു ഞാൻ ആധികാരികമായി പറയുക യാണ്. സഹോദര പുത്രൻ അവിടെ സ്ഥലം വാങ്ങിയത് 14-7-1995-ൽ ആണ്. കരാർ വച്ചത് 12.6.95-ൽ ആണ്. ഫ്ളഡ് റിലീഫ് വർക്കിൽ റോഡിന് തുക അനുവദിച്ചപ്പോൾ അദ്ദേഹത്തിന് അവിടെ സ്ഥലമില്ലായിരുന്നു. റോഡ് വർക്കിന് ഭരണാനുമതി നൽകി ഏഴുമാസം കഴിഞ്ഞാണ് ശ്രീ. ഇമ്മാനുവൽ തോമസ് അവിടെ സ്ഥലം വാങ്ങിയത്. വസ്തു വാങ്ങാനുള്ള കരാർ വയ്ക്കു ന്നത് വർക്ക് സാങ്ഷൻ കൊടുത്ത് ആറുമാസം കഴിഞ്ഞാണ്. സാഹചര്യം ഇതായിരിക്കേ ഞാൻ വർക്ക് അനുവദിച്ചത് സഹോദര പുത്രന്റെ വസ്തുവിന് മെച്ചം കിട്ടുവാൻ ആണെന്നുള്ള ആക്ഷേപത്തിന് യാതൊരു കഴമ്പുമില്ല. നദി യുടെ താഴെനിന്ന് വെള്ളം കുടിക്കുന്ന ആട്ടിൻകുട്ടിയെ വെള്ളം കലക്കിയെന്ന് മുകളിൽ നിൽക്കുന്ന സിംഹം പറഞ്ഞതുപോലെയാണ് വർക്ക് സാങ്ഷൻ ചെയ്തു ഏഴുമാസം കഴിഞ്ഞു വസ്തു വാങ്ങിയിട്ടും സഹോദരപുത്രന്റെ വസ്തുവിന് ഗുണം കിട്ടാനാണ് റോഡ് വർക്ക് അനുവദിച്ചത് എന്നുപറയുന്ന ത്. എന്റെ സഹോദരപുത്രന് എവിടെവേണമെങ്കിലും സ്ഥലം വാങ്ങാം, തിരു വനന്തപുരത്ത് 25 വർഷമായി താമസിക്കുന്ന എന്റെ സഹോദരപുത്രന് സ്ഥലം വാങ്ങാം, പ്ലോട്ടു തിരിക്കാം. അതിലേ റോഡുവെട്ടാം, അതുവിൽക്കാം, ലാഭമുണ്ടാക്കാം. മാന്യമായി ജീവിക്കട്ടെ, ജോർജ്ജേ, വല്ലവരോടും കൈക്കൂലി വാങ്ങി ജീവിക്കുന്നതിനേക്കാൾ മെച്ചമാണ് മാന്യമായി സ്ഥലം കച്ചവടം ചെയ്ത് റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടത്തുന്നത് എന്ന് കൊച്ചനിയനോട് ഞാൻ ഉപദേശിച്ചുതരാം. ആടിനെ പട്ടിയാക്കുന്ന രീതിയിൽ ശ്രീ. ജോൺ ഫെർണാണ്ടസ് പറഞ്ഞത് എനിക്കു മനസ്സിലാക്കാം. ഇദ്ദേഹം പാലായിൽ പൊതുയോഗത്തിൽ വന്നു പ്രസംഗിച്ചു സർ, നാണംകെട്ട ഇടപാട്. മുപ്പത്തിയ ഞ്ചുവർഷമായില്ലേ സർ ഞാൻ ഈ നിയമസഭയിൽ വന്നിട്ട്, മുപ്പത്തിയഞ്ചു വർഷമായിട്ട് എനിക്കെതിരെ ഒരു ആരോപണം വയ്ക്കുവാൻ ആർക്കെങ്കിലും, ശത്രുക്കൾക്കുപോലും കഴിഞ്ഞിട്ടുണ്ടോ സർ? അങ്ങനെയിരിക്കെ ഞാൻ മറ്റേത് പൂർത്തിയാക്കുന്നില്ല, പൂർത്തിയാക്കുന്നില്ല, ജോർജ്ജേ, ജോർജ്ജിനോട് ഒരു കാര്യം പറയാം, അടിസ്ഥാനരഹിതമായി, നാണംകെട്ട, *** പോലും പറ യാത്ത നിലയിൽ ഈ നിയമസഭയിൽവന്ന് മാന്യൻമാർക്കെതിരെ ആരോ പണം പറഞ്ഞിട്ട് രക്ഷപ്പെടാമെന്ന് അങ്ങ് വിചാരിക്കരുത്. അങ്ങ് മാപ്പു പറ യണം, മാപ്പു പറയണം, അടിസ്ഥാനരഹിതമായ കാര്യം പറഞ്ഞതിന് മാപ്പുപറ

*** സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

യണം, ഇതുവിടാൻ ഒക്കുമോ, മാപ്പു പറയേണ്ടേ, മാപ്പു പറയണം,..... (ബഹളം)..... അതുകൊണ്ട് ഞാൻ ഇത് നിഷേധിക്കുന്നു. ഞാൻ അതിന്റെ വിശദീകരണം മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. ജി. സുധാകരൻ : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ശ്രീ. കെ.എം. മാണിയുടെ ഭാഷയിൽത്തന്നെ പറഞ്ഞാൽ മുപ്പത്തിയഞ്ചിലേറെ വർഷമായി നിയമസഭാ സാമാജികനും ഒന്നിലേറെ പ്രാവശ്യം മന്ത്രിയുമായിരുന്ന ശ്രീ. കെ.എം. മാണി, ശ്രീ. പി.സി. ജോർജ്ജ് ഉന്നയിച്ച ആരോപണത്തെപ്പറ്റി*** എന്നുപറഞ്ഞ് പിൻവലിപ്പിക്കണം. സർ, രേഖയിൽ നിന്ന്.....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്..... പ്ലീസ്.....

ശ്രീ. പി.സി. ജോർജ്ജ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഞാൻ അങ്ങേയ്ക്ക് എഴുതിത്തന്നു. ഞാൻ ഇന്ന് സംസാരിച്ച ഭാഗം അങ്ങ് എടുത്തു നോക്കണം. അതിൽ പറഞ്ഞിരിക്കുന്നതിൽനിന്ന് വ്യത്യസ്തമായിട്ടാണ് ശ്രീ. കെ.എം. മാണി ഇവിടെ പറഞ്ഞിരിക്കുന്നത്. അതനുസരിച്ച് എനിക്ക് ഇതിന് മറുപടി പറയാൻ അനുവാദം തരണം.

മി. സ്പീക്കർ : മറുപടി പറയാൻ കഴിയുകയില്ല. അങ്ങ് പറഞ്ഞതെല്ലാം രേഖയിലുണ്ട്. അങ്ങയുടെ ക്രമപ്രശ്നം എന്താണ്?

ശ്രീ. പി.സി. ജോർജ്ജ് : സർ, ഞാൻ പറഞ്ഞത് ഇത്രേയുള്ളൂ. ശ്രീ. ജോൺ ഫെർണാണ്ടസ് ഉന്നയിച്ച ആരോപണം എന്നുള്ള നിലയിൽ ഞാൻ പറഞ്ഞ കാര്യത്തിന് മറുപടി എന്താണ്? എനിക്ക് ഒരു കാര്യമേ ചോദിക്കാനുള്ളൂ. ഏതെങ്കിലും ഒരു വ്യക്തി വസ്തു വാങ്ങിക്കുമ്പോൾ അറേഞ്ച്മെന്റ് എല്ലാം ചെയ്തതിനുശേഷമാണ് ആധാരമെഴുതുന്നത്. അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരന്റെ മകനും ഭാര്യയുംകൂടി 5000 രൂപ വച്ച് വസ്തു വാങ്ങിച്ചിട്ട് അത് നികത്തി 70,000 രൂപ മുതൽ ഒരു ലക്ഷം രൂപവരെ വച്ച് വിറ്റുവെന്ന ആരോപണം ഞാൻ ശക്തിയായി ഉന്നയിക്കുന്നു. ഒരു സംശയവും വേണ്ട. അങ്ങ് പരിശോധിക്കണം. അന്വേഷിക്കണം. തെളിയിക്കാൻ ഞാൻ തയ്യാറാണ്. പാലായിൽ പ്രസംഗിച്ചുവെന്ന് പാലായിൽ ഇനിയും പ്രസംഗിക്കും. ഒരു സംശയവും വേണ്ട.

മി. സ്പീക്കർ : ശ്രീ. കെ.എം. മാണിയുടെ വ്യക്തിപരമായ വിശദീകരണത്തിൽ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനഭാഗം*** പോലും പറയാത്ത നിലയിൽ നിയമസഭയിൽ വന്ന് പറയുക എന്ന് പറഞ്ഞ പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്യുന്നു.

ധനകാര്യം - തുടർച്ച

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഇവിടെ ബഹുമാനപ്പെട്ട 18 മെമ്പർമാർ രണ്ടുഭാഗത്തുനിന്നുമായിട്ട് ഈ ചർച്ചയിൽ പങ്കെടുത്തു. ചർച്ചയിൽ പങ്കെടുത്ത 18 മെമ്പർമാരിൽ ശ്രീ. കെ.സി. വേണുഗോപാൽ ഒഴിച്ച് ബാക്കി എല്ലാവരും റവന്യൂവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഒതുങ്ങിനിന്നാണ് സംസാരിച്ചത്. അദ്ദേഹവും പ്രശ്നവുമായി ബന്ധപ്പെട്ട്

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly